പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1643

18.06.2012-ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിൽ ജീവൻരക്ഷാ ബോട്ടുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ആലപ്പുഴ ജില്ലയിൽ ബോട്ടപകടങ്ങളിലും കടൽ ക്ഷോഭത്തിലും പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ ബോട്ടപകടങ്ങളിലും കടൽക്ഷോഭത്തിലുംപെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി കൊല്ലം, എറണാകുളം ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന പട്രോൾ ബോട്ടുകളാണ് നിലവിൽ ഉപയോഗപ്പെടുത്തുന്നത്. കൂടാതെ കോസ്റ്റ് ഗാർഡ്/ഇന്ത്യൻ നേവി എന്നിവയുടെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. മൺസൂൺ കാല കടൽ രക്ഷാപ്രവർത്തനത്തിനായി ട്രോൾബാൻ കാലയളവിൽ മാത്രം ആലപ്പുഴ തോട്ടപ്പള്ളി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി ഒരു ബോട്ട് വാടകയ്ക്ക് എടുത്ത് പ്രവർത്തിക്കുന്നതാണ്. |
| (ബി) | രക്ഷാ പ്രവർത്തനത്തിനായി ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര ജീവൻ രക്ഷാ ബോട്ടുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | രക്ഷാ പ്രവർത്തനത്തിനായി ആലപ്പുഴ ജില്ലയിൽ ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിൽ ജീവൻ രക്ഷാ ബോട്ടുകൾ ഒന്നും തന്നെ ഇല്ല. |
| (സി) | പ്രസ്തുത ബോട്ടുകളിലെ ജീവനക്കാർക്ക് രക്ഷാ പ്രവർത്തനത്തിൽ പരിശീലനം നൽകിയിട്ടുണ്ടോ; | (സി) | ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന രക്ഷാ ബോട്ടുകളിൽ കടൽ രക്ഷാ പ്രവർത്തനത്തിൽ കോസ്റ്റ് ഗാർഡ്/ഗോവയിലെ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് (എൻ.ഐ.ഡബ്ല്യൂ.എസ്) എന്നിവിടങ്ങളിൽ നിന്നും പരിശീലനം ലഭിച്ച സുരക്ഷാ സേനാംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ഡി) | തോട്ടപ്പള്ളി ഹാർബറിനു സമീപം നടന്ന ബോട്ടപകടത്തിൽ മതിയായ രക്ഷാ പ്രവർത്തനം ലഭിക്കാതെ ഒരു മത്സ്യത്തൊഴിലാളി മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തോട്ടപ്പള്ളി ഹാർബറിന്റെ അഴിമുഖത്തിൽ കടൽത്തിരകളിൽപ്പെട്ട് അടിഞ്ഞുകൂടുന്ന മണ്ണ് യഥാവസരങ്ങളിൽ നീക്കം ചെയ്യുന്ന പ്രക്രിയ കാലാകാലങ്ങളിൽ നടത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ